DESPATCHED On..6/3/23.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 2122(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 19314/SIC-G4/2022)
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2023 മാർച്ച് 1

അഡ്വ. അനീസ് റഷീദ് ബി.,
പുന്നമ്മൂട്, ഇളംകുളം ജംഗ്ഷൻ,
ശ്രീകാര്യം, മെഡിക്കൽ കോളേജ് പി.ഒ.,
തിരുവനന്തപുരം – 695 011.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പോലീസ് ഇൻസ്പെക്ടർ,
ഓച്ചിറ പോലീസ് സ്റ്റേഷൻ,
ഓച്ചിറ പി.ഒ., കൊല്ലം – 690 526.
2) അപ്പീൽ അധികാരി &
പോലീസ് അസിസ്റ്റന്റ് കമ്മീഷണർ,
അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കാര്യാലയം,
കരുനാഗപ്പള്ളി, കൊല്ലം.
} എതിർകക്ഷികൾ

| | | |
|---|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 04/11/2022 | |
| മറുപടി ലഭ്യമാക്കിയ തീയതി | 05/12/2022 | |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 05/12/2022 | |
| മറുപടി ലഭ്യമാക്കിയ തീയതി | 15/12/2022 | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 21/12/2022 | |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 22/12/2022 | |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24/01/2023 | |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 03/02/2023 | |

## ഉത്തരവ്

അഡ്വ. അനീസ് റഷീദ് ബി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭിച്ചില്ല എന്നും, ആവശ്യപ്പെട്ട രേഖകൾ നൽകുന്നതിന് സർക്കാർ നിശ്ചയിച്ച ഫീ ഇൻഷുറൻസ് കമ്പനികൾ മാത്രം നൽകിയാൽ മതി എന്നിരിക്കെ, വ്യക്തിയോടും ടി തുക അടയ്ക്കാൻ ആവശ്യപ്പെട്ടു എന്നാണ്.

2. ഹർജിക്കാരൻ 4.11.2022–ന് ഓച്ചിറ പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ.യ്ക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ ക്രൈം.783/2022–ാം നമ്പർ കേസിൽ

പരിക്കുപറ്റിയ ആളിനായി MACT -യിൽ ഫയൽ ചെയ്യുന്നതിലേക്കായി 10 ഇനങ്ങളിലായി വിവരങ്ങൾ/രേഖകൾ ആവശ്യപ്പെടുകയും എസ്.പി.ഐ.ഒ. 05.12.2022-ന് നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളുടെ പകർപ്പിന് 821/- രൂപ ട്രഷറിയിൽ അടച്ച് ചലാൻ ഹാജരാക്കുന്ന മുറയ്ക്ക് രേഖകൾ നൽകുന്നതാണെന്നും തുടർന്ന് ഹർജിക്കാരൻ 5.12.2022-ന് അപ്പീൽ അധികാരിയ്ക്ക് ഒന്നാം അപ്പീൽ സമർപ്പിച്ച പ്രകാരം അസിസ്റ്റന്റ് പോലീസ് കമ്മീഷണർ 15.12.2022-ന് മറുപടി നൽകിയിട്ടുള്ളതാണ്.

3. രണ്ടാം എതിർകക്ഷിയായ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, കമ്മീഷൻ മുമ്പാകെ 01.02.2023 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് സർക്കാർ ഫീസ് നിശ്ചയിച്ചിട്ടുള്ളതിനാലും, ടി ഫീസ് ഈടാക്കാതെ വിവരങ്ങൾ അപേക്ഷകന് കൈമാറിയാൽ ആയത് സർക്കാരിന് നഷ്ടം ഉണ്ടാകുമെന്നു ബോധ്യമുള്ളതിനാലാണ് അപ്പീൽ അപേക്ഷകനോട് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ഫീസ് അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയതെന്നും ഇത് സംബന്ധിച്ച് അപ്പീൽ ഹർജിക്കാരൻ അപ്പീലിൽ ഉന്നയിച്ചിരിക്കുന്ന മറ്റ് വിവരങ്ങൾ എല്ലാം തന്നെ കളവാണെന്നും വിവരാവകാശ അപേക്ഷ തീർപ്പാക്കിയതുമായി ബന്ധപ്പെട്ട് കാലതാമസമോ, വീഴ്ചയോ ഉണ്ടായിട്ടില്ലെന്നും അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ കൈമാറുന്നതിന് സർക്കാർ നിശ്ചയിച്ച് ഫീസ് അടയ്ക്കുന്നതിന് അറിയിപ്പ് നൽകുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ആയതിനാൽ ടി അപ്പീൽ നിരസിക്കുന്നതിനും അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ കൈമാറുന്നതിന് സർക്കാർ നിശ്ചയിച്ച ഫീസ് അടയ്ക്കുന്നതിന് ഉത്തരവുണ്ടാകണമെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെയും രണ്ടാം എതിർകക്ഷി നൽകിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ, എതിർകക്ഷികളുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതായി കാണാൻ കഴിയില്ല. പരാതിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പിന് സർക്കാർ നിശ്ചയിച്ച തുക മാത്രമാണ് പരാതിക്കാരനോട് ഒടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത് എന്ന എതിർകക്ഷികളുടെ വാദം അംഗീകരിക്കാവുന്നതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 മാർച്ച് 1-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us